# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.3)1713/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.3)1713/23 തീയ്യതി: 14/12/2023

## എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 13-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-11-2023 | 13-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റെസിയ ബീവി ജെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീജ ഉണ്ണികൃഷ്ണൻ,ഓഡിറ്റ് ഓഫീസർ
പ്രവീൺ ഷേണായി ജെ, ഓഡിറ്റ് ഓഫീസർ
കവിതാ എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
മേഴ്സി കെ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ടി ടി ഫ്രാൻസിസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഗായത്രി എം.വി | സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീമതി ജയന്തി കെ | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദിമിത്രോവ് കെ.ജി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| മറിയാമ്മ കെ.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അനില രഘുനാഥ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| രമാ കെ.എൻ. | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| അമ്മിണിക്കുട്ടി കെ.വി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ബിന്ദുജ കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ലിഷാമോൾ കെ.എസ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ബിജുമോഹൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീകുമാരി | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2022 | 31-03-2023 |
| ധന്യാ പുരുഷോത്തമൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ആഞ്ജല സിറിയക് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| റോഷ്ന കരീം | ഫിഷറീസ് ഓഫീസർ | 01-04-2022 | 01-11-2022 |
| സീതാ ലക്ഷ്മി ബി.എസ് | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-11-2022 | 02-12-2022 |
| സേതുലക്ഷ്മി വി.എസ്. | ഫിഷറീസ് ഓഫീസർ | 03-12-2022 | 19-12-2022 |
| രേഖ | ഫിഷറീസ് ഓഫീസർ | 20-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനത - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിൽ വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ഗ്രാമസഭ | 1-11 |
| 19 | ദുരിതാശ്വാസ നിധി-കാര്യക്ഷമമല്ല. | 1-12 |
| 20 | ദുരന്ത നിവാരണ കമ്മിറ്റി | 1-13 |
| 21 | തനത് വരുമാനം- അവലോകനം | 1-14 |
| 22 | വാടക -എഗ്രിമെന്റില്ല, കുടിശ്ശിക ഈടാക്കിയില്ല | 1-15 |
| 23 | സോൾവൻസി രേഖകൾ ഇല്ലാതെ ലേലം നൽകി - ബാക്കിയായി വൻ കുടിശ്ശിക | 1-16 |
| 24 | തൊഴിൽ നികുതി - ഡിമാന്റ് ചെയ്യുന്നില്ല. | 1-17 |

| | | |
|---|---|---|
| 25 | മൊബൈൽ ടവറിന്റെ വസ്തുനികുതി അടവാക്കിയിട്ടില്ല | 1-18 |
| 26 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-19 |
| 27 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾക്ക് കൈമാറാത്ത തുകകൾ | 1-20 |
| 28 | ഭിന്നശേഷി സ്കോളർഷിപ്പ്-ഗുണഭോക്താക്കൾക്ക് പൂർണമായി ലഭ്യമായില്ല | 1-21 |
| 29 | ഭവനപുനരുദ്ധാരണം - പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-22 |
| 30 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 1-23 |
| 31 | മത്സ്യതൊഴിലാളികൾക്ക് വള്ളം-രജിസ്ട്രേഷൻ /ലൈസൻസ് രേഖകളില്ല | 1-24 |
| 32 | കർഷക ദിനം - തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 33 | ആശ്രയ -ചലഞ്ച് ഫണ്ടിന്റെ അഭാവത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമായില്ല | 1-26 |
| 34 | മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 35 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ ആന്റ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 36 | സ്പെയ്സ്-പദ്ധതി വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 37 | ഐ.കെ.എം.വിഹിതം നൽകിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 38 | ഇ.ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് യഥാസമയം അടാവാക്കുന്നില്ല – പലിശ നഷ്ടം | 1-31 |
| 39 | കാരുണ്യസ്പർശം - വൃക്കരോഗികൾക്ക് ഡയാലിസിസ് ചികിത്സാ സഹായം - അപാകതകൾ | 1-32 |
| 40 | എസ്.എസ്.കെ.വിഹിതം നൽകിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 41 | ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ -അപാകതകൾ | 1-34 |
| 42 | റോഡ് കണക്ടിവിറ്റി മാപ്പ് - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-35 |
| 43 | ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവ് വഹിക്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-36 |
| 44 | ഡെപ്പോസിറ്റ് വർക്കുകൾ-യഥാസമയം പൂർത്തികരിക്കുന്നില്ല. | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2023 ലെ 2(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21.07.2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി:14/12/2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനത - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4737728/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+FinancingActivity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1039329/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ 340200199-other Deposits ഹെഡിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന 17,31,617/-രൂപ ഏതിനങ്ങളിലുള്ള നീക്കിയിരിപ്പ് ആണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം സാഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയി രേഖപ്പെടുത്തി ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്.

### 1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി.ഗ്രാന്റ്-ബേസിക്ക്, സി.എഫ്.സി.ഗ്രാന്റ്-ടൈഡ് എന്നീ ഹെഡുകളിലെ ആകെ നീക്കിയിരിപ്പ് 4724082/-രൂപയാണ്. എന്നാൽ ടി ഗ്രാന്റ് തുക നിക്ഷേപിച്ചിരിക്കുന്ന കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ബി-17 ഷെഡ്യൂൾ പ്രകാരം 4731983/-രൂപയാണ്. നീക്കിയിരിപ്പ് തമ്മിലുള്ള വ്യത്യാസം 7901/-രൂപ.

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ 320100160-Rural Housing-Housing For All (LIFE State Share) എന്ന ഹെഡ് പ്രകാരം നീക്കിയിരിപ്പ് 947564/-രൂപയാണ്. എന്നാൽ ടി തുക നിക്ഷേപിച്ചിരിക്കുന്ന കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ്, ബി-17 ഷെഡ്യൂൾ പ്രകാരം( ഹെഡ് കോഡ്-450280001) 764944/-രൂപയാണ്. നീക്കിയിരിപ്പ് തമ്മിലുള്ള വ്യത്യാസം 182620/-രൂപ. അതായത് ഗ്രാന്റ് നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുള്ള 182620/-രൂപ ബാങ്ക് നീക്കിയിരിപ്പിൽ അവശേഷിക്കുന്നില്ല.

### 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-7 നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിൽ വ്യത്യാസം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റ് ചെയ്ത ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പും [RP 40 (B)] 2022-23 വർഷത്തെ ഓഡിറ്റിനായി ലഭ്യമാക്കിയ ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരുപ്പും [RP 40 (A)] തമ്മിൽ ₹10/- വ്യത്യാസമുണ്ട്. ഇത് SBI E-payment അക്കൗണ്ടിന്റെ നീക്കിയിരിപ്പിൽ വന്ന വ്യത്യാസം മൂലമാണ്.

### 1-2 ബജറ്റ്

06.03.22 തീയതിയിലെ 1/1 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് - 30.03.2023 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ (₹) | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ (₹) |
|---|---|---|
| മുന്നിരിപ്പ് | 7260714 | 16378216 |
| വരവ് | 280413490 | 74453701 |
| ആകെ | 287674204 | 90831917 |

| | | |
|---|---|---|
| ചെലവ് | 284269390 | 71881160 |
| നീക്കിയിരിപ്പ് | 3404814 | 18950757 |

2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവ്-ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ഓരോ ഇനം വരവ്-ചെലവുകളും കൃത്യമായ കണക്കാക്കലുകളിലൂടെ തയ്യാറാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,89,50,767 |
| വരവ് | ₹4,42,29,740 |
| ആകെ | ₹6,31,80,507 |
| ചെലവ് | ₹3,94,92,012 |
| നീക്കിയിരിപ്പ് | ₹2,36,88,495 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്-മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കി യിരിപ്പ് | ലാപ്സായ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14045409 | 14045409 | 13931978 | 0 | 113431 | ജി.ഓ.പ്രൊജക്ട്-2082307/- പേയ്മെന്റ് നടക്കാത്ത ബിൽ സാംഖ്യയിൽ ക്യാൻസൽ ചെയ്യാൻ വിട്ടു പോയത്-60050/- |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9857943 | 9857943 | 9348283 | 0 | 509660 | ജി.ഓ.പ്രൊജക്ട്-504341/- ക്യൂ ബിൽ-8803/-- |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 21000 | 21000 | 18600 | 0 | 2400 | ക്യൂ ബിൽ-2400/- |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 5553000 | 5553000 | 2858705 | 0 | 2694295 | |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 5169000 | 5169000 | 4056072 | 0 | 1112928 | |
| സി.എഫ്.സി ഗ്രാന്റ്-അൺടൈഡ്(ട്രഷറി) | 0 | 1090186 | 1090186 | 904266 | 0 | 185920 | |
| സി.എഫ്.സി ഗ്രാന്റ്-അൺടൈഡ് (ബാങ്ക്) | 1275927 | 3025402 | 4301329 | 2240708 | 2060621 | | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-667218/- ബാങ്ക് പലിശ-138402/- ബാങ്ക് ചാർജ്-605/- |
| സി.എഫ്.സി ഗ്രാന്റ്-ടൈഡ്(ട്രഷറി) | 0 | 3323631 | 3323631 | 1575849 | 0 | 1747782 | |
| സി.എഫ്.സി ഗ്രാന്റ്-ടൈഡ്(ബാങ്ക്) | 2417000 | 4330000 | 6747000 | 4083539 | 2663461 | | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-963113/- |

| | | | | | | | |
|---|---|---|---|---|---|---|---|
| വിമുക്തി,ജിഡഫണ്ട് മുതലായവ 320300199 | 318615 | 23520 | 342135 | 0 | 342135 | | |
| ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം 320100196 | 926675 | 1198876 | 2125551 | 443901 | 1681650 | | |
| ശുചിത്വ മിഷൻ ഫണ്ട് 320100198 | 1927548 | 373132 | 2300680 | 519970 | 1780710 | | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-396615/- |
| ബി.എസ്.യു.പി. 320100108 | 2773477 | 75646 | 2849123 | 0 | 2849123 | | |
| ദുരിതാശ്വാസ നിധി 311100101 | 9058 | 362 | 9420 | 0 | 9420 | | |
| പകർച്ചവ്യാധി ഗ്രാന്റ് | 1892 | - | 1892 | - | 1892 | | |
| അമൃതം-ഫസ്റ്റ് മീൽ അക്കൗണ്ട് 311710199 | 142325 | 3882 | 146207 | 0 | 146207 | | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 243543 | 0 | 243543 | 0 | 243543 | | |
| ലൈഫ് ഭവന പദ്ധതി -സംസ്ഥാന വിഹിതം 320100160,<br><br>320200399 | 1569000 | 832564 | 2401564 | 1454000 | 947564 | | നീക്കിയിരിപ്പ് തുക 31.3.23ൽ 320200399 ഹെഡിൽ നിന്നും 320100160 ഹെഡിലേക്ക് മാറ്റി |
| ഹഡ്കോ 320200301 | 126915 | 0 | 126915 | 0 | 126915 | | |
| ജലനിധി 320300102 | 10000 | 0 | 10000 | 0 | 10000 | | |
| Other Special Fund For The Use Of SC Community 312110099 | 15000 | 0 | 15000 | 0 | 15000 | | |
| CHIAK 320400199 | 9776 | 0 | 9776 | 0 | 9776 | | |
| ആശ്രയ 320500101 | 240267 | 0 | 240267 | 0 | 240267 | | |
| അങ്കണവാടി നെയിംബോർഡ് 320200205 | 36000 | 0 | 36000 | 0 | 36000 | | |
| ബയോഡൈവേഴ്സിറ്റി ഫണ്ട് 320100152 | 285959 | 220901 | 506860 | 0 | 506860 | | |
| ഹെൽത്ത് ഗ്രാന്റ് 320100202 | 0 | 208572 | 208572 | 206447 | 2125 | | |
| ഹെൽത്ത് ഗ്രാന്റ് 320100204 | 0 | 111230 | 111230 | 80716 | 30514 | | |
| ടോട്ടൽ സാനിട്ടേഷൻ 320100181 | 9182 | - | 9182 | - | 9182 | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 121178116 | 114 | 53439033 | 45 | 54 | 53.52% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 294681 | 2721766 | 3016447 | 1181262 | 1835185 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14293006 | 14293006 | 14293006 | 0 |
| ആകെ | 294681 | 17014772 | 17309453 | 15474268 | 1835185 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1257600 | 105 |
| വിധവാപെൻഷൻ | 10762000 | 1017 |
| വാർദ്ധക്യകാലപെൻഷൻ | 24177100 | 2490 |
| വികലാംഗപെൻഷൻ | 2788600 | 264 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ളവരുടെ ധനസഹായം | 996000 | 91 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2023 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,078/- രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ചരക്കുകളുടേയും സേവനങ്ങളുടേയും വാങ്ങലുകൾ വാർഷികാവശ്യം പരിഗണിച്ച് തിട്ടപ്പെടുത്തപ്പെടുന്നില്ല.

2.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
3.തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4.ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ബില്ലുകളുടെയും വൗച്ചറുകളുടെയും തീയതി എഴുതുന്നില്ല.
5.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയോ അക്കൗണ്ട് ഹെഡ് പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റ് തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.
6.തൊഴിലുറപ്പ് പദ്ധതിയിലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചത് ടെൻഡർ നടപടികൾ സ്വീകരിക്കാതെയാണ്. ഹൈറേഞ്ച് ഇൻഡസ്ട്രീസ്, ലക്ഷംകവല,ഇടുക്കി എന്ന

സ്ഥാപനമാണ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത്. വ്യക്തിഗത പ്രൊജക്റ്റുകളുടെ സൈറ്റുകളിൽ സ്ഥാപിച്ച ബോർഡുകൾക്ക് 2950/-രൂപ വീതവും കമ്മ്യൂണിറ്റി പ്രൊജക്റ്റ് സൈറ്റുകളിൽ സ്ഥാപിച്ച ബോർഡുകൾക്ക് 4000/- രൂപ വീതവും ടി സ്ഥാപനത്തിന് നൽകി. സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ ടെൻഡർ നടപടി മുഖേന സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഇതിലൂടെ വിലക്കുറവും ഗുണമേന്മയും ഉള്ള ബോർഡുകൾ ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/10/2022 | 2021-22 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/02/2016 | 2010-11 To 2014-15 | 11/03/2016 |

### 1-11 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

### 1-12 ദുരിതാശ്വാസ നിധി-കാര്യക്ഷമമല്ല.

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ഞാറയ്ക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് ഉണ്ടെങ്കിലും (അക്കൗണ്ട് നം. 2158) നിലവിൽ പ്രവർത്തനരഹിതമാണ്. പാസ്സ് ബുക്ക് പ്രകാരം തൻവർഷം മുന്നിരിപ്പായി 9058/-രൂപയും നീക്കിയിരിപ്പായി 9420/-രൂപയും പലിശ വരവിനത്തിൽ 362/-രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും ചെലവുകൾ ഒന്നും ഇല്ല. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-13 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് സമഗ്ര വിവരങ്ങളടങ്ങുന്ന ദുരന്തനിവാരണ പദ്ധതി ആസൂത്രണരേഖ എന്ന പേരിൽ ഒരു ബുക്ക് ലെറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിവരങ്ങൾ ചേർത്തിട്ടുണ്ട്.

1) പൊതു വിവരങ്ങൾ
2) കാലാവസ്ഥ വ്യതിയാനം – ദുരന്ത സാദ്ധ്യത വിശകലനം
3) ദുരന്ത പ്രതികരണ ആസൂത്രണ രേഖ
4) മുന്നൊരുക്കം, പ്രതികരണം, സാമൂഹ്യ ശാക്തീകരണം
5) ശേഷികളും വിഭവങ്ങളും
6) ദുരന്ത ലഘൂകരണ പദ്ധതിയിലേക്കുള്ള പ്രോജക്റ്റ് നിർദ്ദേശങ്ങൾ
7) പ്രധാന ഫോൺ നമ്പരുകൾ

കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത്

അഭികാമ്യമാണ്.

## 1-14 തനത് വരുമാനം- അവലോകനം

എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ വൈപ്പിൻ ബ്ലോക്കിൽ ആകെ 16 വാർഡുകളിലായി വ്യാപിച്ച് സ്ഥിതി ചെയ്യുന്ന ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന് വിവിധ ബാങ്ക് അക്കൗണ്ടുകളിലായി മെച്ചപ്പെട്ട തനത് വരുമാനം നിലവിലുണ്ട്. നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.
2. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.
3. പഞ്ചായത്തിൽ തനത് ഫണ്ട്, കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ ഒരു നിശ്ചിത ഇടവേളകളിൽ ടി അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണ്.
4. വാടക കെട്ടിടങ്ങൾ ഉൾപ്പെടുന്ന കെട്ടിട ആസ്തികൾ പഞ്ചായത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളിൽ വാടക കരാറുകൾ കൃത്യമായി ഏർപ്പെടുത്തുകയും വാടക കുടിശ്ശിക ഇല്ലാതെ ഈടാക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ ലീസ് ഓഫ് ലാന്റിന്റെ ലേല നടപടികൾ സോൾവൻസി രേഖകളോടെ കാര്യക്ഷമമായി നിർവഹിക്കേണ്ടതുണ്ട്. ഈ റിപ്പോർട്ടിൽ ഖണ്ഡിക നം.1-16ൽ ഇത് പരാമർശിക്കുന്നത് ശ്രദ്ധിക്കുക. കൂടാതെ ഖണ്ഡിക നമ്പർ 1-15, 1-17, 1-18 എന്നിവയിലെ പരാമർശങ്ങളും പരിശോധിച്ച് ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുക.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-15 വാടക -എഗ്രിമെന്റില്ല, കുടിശ്ശിക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വാടക വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി. വാടക രജിസ്റ്റർ ഇൻഡക്സ് പ്രകാരം 25 കടമുറികൾ ഉണ്ട്. ഇവയിൽ നിന്ന് 2022-23 ൽ വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുകകൾ, ഡി.സി.ബി. (ഡിമാന്റ്, കളക്ഷൻ, ബാലൻസ്) പ്രകാരം ചേർത്തിരിക്കുന്നതിന്റെ വിശദവിവരം ചേർക്കുന്നു.

Rent- 2022-23 ( Current)

| Demand | Collection | Balance |
|---|---|---|
| 11,77,732/- | 10,63,356/- | 1,14,376/- |

Rent- 2022-23 ( Arrear)

| Demand | Collection | Balance |
|---|---|---|

| | | |
|---|---|---|
| 2,77,570/- | 72,699/- | 2,04,871/- |

1. മേൽ തുകകൾ ആരിൽ നിന്നാണ് ലഭിക്കാനുള്ളതെന്ന വിവരം രജിസ്റ്ററിൽ വ്യക്തമല്ല. കടമുറികളുടെ വാടക വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പേജുകളിൽ വർഷാന്ത്യത്തിലെ ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല.

2. ഡി.സി.ബി. (ഡിമാന്റ്, കളക്ഷൻ, ബാലൻസ്) സ്റ്റേറ്റ്മെന്റ്, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഫ് ബുക്സ് & പീരിയോഡിക്കൽസ് എന്നതിലാണ് വാടക വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

3. വാടക രജിസ്റ്റർ ഇൻഡക്സ് പ്രകാരം 25 കടമുറികൾ ഉള്ളതിൽ 12 കടമുറികളുടെ എഗ്രിമെന്റ് മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്. ബാക്കി 13 കടമുറികളുടെ എഗ്രിമെന്റുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

| എഗ്രിമെന്റ് ഉള്ള കടമുറികൾ | | എഗ്രിമെന്റ് ഇല്ലാത്ത കടമുറികൾ | |
|---|---|---|---|
| 1 | IV/26 | 1 | V/8 |
| 2 | IV/27 | 2 | XV/427 |
| 3 | II/ Temp 32 | 3 | XV/428 |
| 4 | IV/30 | 4 | XV/429 |
| 5 | II/Temp/31 | 5 | XV/430 |
| 6 | IV/25 | 6 | XV/432 |
| 7 | IV/31 | 7 | XV/165A |
| 8 | V/7 | 8 | II/Temp/29 |
| 9 | V/9 | 9 | II/Temp/28 |
| 10 | V/10 | 10 | II/Temp/30 |
| 11 | XV/425 | 11 | XV/434 |
| 12 | XV/164/A | 12 | XV/433 |
| - | - | 13 | XV/426 |

4. വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

5. 2022-23 ൽ കുടിശ്ശിക വരുത്തിയ വാടകക്കാരെ കുടിശ്ശിക അടവാക്കാതെ തുടരാൻ അനുവദിച്ചിട്ടുണ്ടോ എന്ന വിവരവും ഉണ്ടെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. തുടർ വർഷത്തിൽ (2023-24) കുടിശ്ശിക തുകകൾ ബന്ധപ്പെട്ട പേജുകളിൽ “Carry Forward” ചെയ്യുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

6. കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി വാടക രജിസ്റ്റർ സെക്രട്ടറിയുടെ

സാക്ഷ്യപ്പെടുത്തലോടെ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

7. രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നവ കൂടാതെ ഗ്രാമപഞ്ചായത്തിന് മറ്റ് കടമുറികളോ വാടക കെട്ടിടങ്ങളോ ഉണ്ടോ എന്നതിന്റെ വിശദവിവരവും ഉപയോഗിക്കാത്ത കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 4/09.11.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-16 സോൾവൻസി രേഖകൾ ഇല്ലാതെ ലേലം നൽകി - ബാക്കിയായി വൻ കുടിശ്ശിക

ഗ്രാമ പഞ്ചായത്തിലെ ലേല വിവരങ്ങൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/09.11.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ താഴെ ചേർക്കുന്നു.

1. 2022-23 ലെ ലേല രജിസ്റ്ററിൽ ഡി.സി.ബി. (ഡിമാന്റ്, കളക്ഷൻ, ബാലൻസ്) തുകകൾ ചേർത്തിട്ടുണ്ടെങ്കിലും ആകെ തുക ചേർത്ത് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്ന വിധത്തിൽ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ സൂക്ഷിച്ചിട്ടില്ല.

2. 2021-22 AFS (B-15) പ്രകാരം Receivable Towards Market Receipts ( Current ) 1,65,200/-, (Arrear) 1,02,482/- എന്നിങ്ങനെ തുകകൾ ലഭിക്കാനുണ്ട്. എന്നാൽ മുൻ വർഷത്തെ അരിയർ വിവരങ്ങൾ 2022-23 ലെ ഡി.സി.ബി. യിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ കുടിശ്ശിക ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ ചേർക്കുന്ന പ്രകാരം തുകകൾ കുടിശ്ശിക ഉണ്ട്.

| ക്രമ നം./ കരാർ തീയതി | ലേലം ക്വട്ടേഷൻ ഇനം - ലേലക്കാരന്റെ പേര് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| 1. 30.03.2022 | അപ്പങ്ങാട്ട് ബന്ദർകനാൽ - അരുണൻ കെ.ജി., കളത്തിൽ, | 5,11,111/- | 1,70,370/- | 3,40,741/- |
| 2 30.03.2022 | മത്സ്യമാർക്കറ്റിൽ ഫീസ് പിരിക്കുവാനുള്ള അവകാശം - കുട്ടൻ, നെടുവിരിപ്പിൽ | 2,15,000/- | 1,07,500/- | 1,07,500/- |
| | | | | 4,48,241/- |

3. ലേല പരസ്യം വ്യവസ്ഥ ക്രമ നം. 1, 2 എന്നിവ പ്രകാരം, ലേലങ്ങളിൽ ലേലത്തുകക്കനുസൃതമായി ആസ്തി തെളിയിക്കുന്ന രേഖ (ഭൂമിയുടെ കരം അടച്ച രസീത്, കെട്ടിട നികുതി അടച്ച രസീത്, ബാങ്ക് എഫ്.ഡി. രസീത് ബാങ്ക് ഗ്യാരണ്ടി എന്നിവയിൽ ഏതെങ്കിലും ഒന്ന്) ലേലം ഉറപ്പിക്കുന്ന മുറയ്ക്ക് പഞ്ചായത്തിൽ നൽകേണ്ടതാണ്. മേൽ ലേലങ്ങളിൽ ആയവ ഫയലിൽ ലഭ്യമല്ല. ഇവ ഇല്ലാതെ ലേലം ഉറപ്പിച്ച് പഞ്ചായത്ത് വസ്തു വകകളുടെ ഉപയോഗം അനുവദിച്ചു നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇവയുടെ അഭാവത്തിൽ ലേലക്കാരിൽ നിന്ന് കുടിശ്ശിക ഈടാക്കാൻ നിർവ്വാഹമില്ലാത്തിനാൽ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്തം ഒഴിവാക്കണമെങ്കിൽ ടി സോൾവൻസി രേഖകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. 4,48,241/- രൂപ ഈടാക്കി വിവരം അറിയിക്കാത്തപക്ഷം തുക സെക്രട്ടറിയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ നിർദേശം നൽകിയിരുന്നോ എന്ന വിവരം അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി - ഡിമാന്റ് ചെയ്യുന്നില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, താഴെ ചേർത്തിട്ടുള്ള 10 കരാറുകാരുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ഇവർ 2022-23 കാലയളവിൽ ഗ്രാമപഞ്ചായത്തിൽ എത്രകാലം തൊഴിലിൽ ഏർപ്പെട്ടിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരുന്നോ എന്ന വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/10.11.23) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി രേഖകൾ

ഹാജരാക്കേണ്ടതുമാണ്.

| ക്രമ നം. | പേര് |
|---|---|
| 1 | ഹരിലാൽ എ.എസ്. |
| 2 | രാജീവൻ പി.പി. |
| 3 | ജോബി.കെ.എസ്. |
| 4 | പി. ആർ.സാബു |
| 5 | സന്തോഷ് എ.റ്റി. |
| 6 | സാബു. എം.ഡി. |
| 7 | മനോജ് കുമാർ സി.എം. |
| 8 | ജിസ്റ്റേൻ |
| 9 | സിൻസൺ ജോസഫ് |
| 10 | ജോളി കെ.എസ്. |

1-18 മൊബൈൽ ടവറിന്റെ വസ്തുനികുതി അടവാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പരിശോധിച്ചതിൽ, താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി 2022-23 First Half അടവാക്കാത്തതായി കാണുന്നു. കെട്ടിട നം. 15/446 Reliance Infocom Ltd. - 2835/- തുക അടവാക്കിയിട്ടുണ്ടെങ്കിൽ രസീത് വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/10.11.23) മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കി രസീത് വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-19 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

ഹോമിയോ മരുന്നു വാങ്ങൽ

| | |
|---|---|
| പദ്ധതിയുടെ നം. / പേര് | 51/2022-23/ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്, അടങ്കൽ | മെയ്റ്റനൻസ് ഫണ്ട് ( നോൺ റോഡ്) 2,50,000/- |
| ചെലവ്- ബിൽ നം.,/തീയതി/തുക | 2,50,000/- 22110700000008552/02.02.23 |
| പ്രൊഫോമ ഇൻവോയ്സ് നം. | 582/18.10.22 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മേൽ വിവരിക്കും പ്രകാരം മരുന്നു വാങ്ങലിനായി തുക ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. മരുന്നു ലഭ്യമാകുന്നതിന് കാലതാമസം വന്നതിനാൽ 16.10.23 ന് നിർവഹണ ഉദ്യോഗസ്ഥൻ ഹോംകോയ്ക്ക് കത്ത് നൽകിയതിന്റെ പകർപ്പ്, ഫയലിൽ ഉണ്ട്. ആയതിനു മറുപടിയായി, നവംബർ മാസത്തിൽ മരുന്നുകൾ ലഭ്യമാക്കാമെന്ന് ഫോൺ മുഖാന്തിരം ഹോംകോയിൽ നിന്ന് അറിയിച്ചിട്ടുള്ളതായി 06.11.23 ലെ 12/23/GHDN നമ്പർ കത്ത് പ്രകാരം ഓഡിറ്റിനെ അറിയിച്ചതിനാൽ ഇതു സംബന്ധിച്ച് ഓഡിറ്റ്എൻക്വയറി നൽകിയില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഓഡിറ്റിനു ഹാജരാക്കുന്നതുവരെ ചെലവ് തുകയായ ₹2,50,000/- തടസ്സപ്പെടുത്തുന്നു.

1-20 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾക്ക് കൈമാറാത്ത തുകകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ, മരണ രജിസ്ട്രേഷൻ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തുവരുന്നതായി കാണുകയുണ്ടായി. ഇങ്ങനെ സസ്പെന്റ് ചെയ്യപ്പെട്ടവയിൽ, ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്ന സ്റ്റാറ്റസിൽ, ബാങ്കുകളുടെ കൈവശം തുകകൾ നിലനിൽക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/10.11.23) മറുപടി ലഭ്യമാക്കിയില്ല.

ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം. | പേര് /പെൻഷൻ ID | മരണ തീയതി | സ്റ്റാറ്റസ് (കൈമാറാൻ |
|---|---|---|---|

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടില്ല) |
| 1 | ജോസഫീന/106590200107 | 28.06.23 (4,5,6/23)DTH | 1600x3= 4800 |
| 2 | ബേബി/106590500026 | 09.07.23 (4,5,6/23)DTH | 1600x3= 4800 |
| 3 | വറീത്/106500200034 | 29.06.23 (4,5,6/23)DTH | 1600x3= 4800 |
| 4 | സുലോചന/106590500007 | 28.05.23 (4,5,6/23) | 1600x3= 4800 |
| 5 | അഗസ്റ്റിൻ/106590201697 | 01.12.22 12/22 &1,2/23 | 1600x3= 4800 |
| | ആകെ | | **24000/-** |

A. ഗുണഭോക്താക്കൾക്ക് വിതരണത്തിനായി ബാങ്കിനു കൈമാറിയ മേൽ തുകകൾ, നിലവിൽ ആരുടെ കൈവശമാണെന്ന വിവരം ബന്ധപ്പെട്ട പെൻഷൻ ഗുണഭോക്താവിന്റെ സ്റ്റാറ്റസിൽ രേഖപ്പെടുത്തി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. പെൻഷൻ സസ്പെന്റ് ചെയ്യുന്ന അവസരത്തിൽ ഇപ്രകാരം കൈമാറാൻ സാധിക്കാത്ത തുകകളുടെ വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താറുണ്ടോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

B. മരണപ്പെടുന്നവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്കുമുമ്പ് അറിയിക്കേണ്ടതാണ്. ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ, ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. മേൽ സർക്കാർ സർക്കുലർ പ്രകാരം സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. 2022-23 കാലയളവിൽ ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണങ്ങൾ എത്രയെന്നും അവയിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉണ്ടായിരുന്നോ എന്നും ആയതിൽ സ്വീകരിച്ച തുടർവിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-21 ഭിന്നശേഷി സ്കോളർഷിപ്പ്-ഗുണഭോക്താക്കൾക്ക് പൂർണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 94/23<br>ഭിന്നശേഷി സ്കോളർഷിപ്പ് |
| അടങ്കൽ | 16,02,300 /-<br>11,16,720/-(വികസന ഫണ്ട്)<br>3,30,000/-(ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>1,55,580/-(ജില്ലപഞ്ചായത്ത് വിഹിതം) |
| ചെലവ് | 16,02,300 /-<br>11,16,720/-(വികസന ഫണ്ട്)<br>3,30,000/-(ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>1,55,580/-(ജില്ലപഞ്ചായത്ത് വിഹിതം) |
| ബിൽ.നം-തീയതി | വികസന ഫണ്ട്<br>1)BRN2211075200980103925О/12.01.23, 8,00,000/-<br>2)BRN22110752009801215801/20.02.23, 3,16,720/-/- |

| | |
|---|---|
| | ജില്ലപഞ്ചായത്ത് വിഹിതം<br>1)BRN-22110752009801039252/13.01.23, 1,55,580/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1)BRN-22110752009801039251/12.01.23, 3,30,000/- |
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ട് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി കൈമാറിയ സ്കോളർഷിപ്പ് തുകകൾ പൂർണ്ണമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന രണ്ട് ഗുണഭോക്താക്കളിൽ ഒരാൾക്ക് പദ്ധതി ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. രണ്ടാമത്തെയാൾക്കാവട്ടെ ഭാഗികമായാണ് സ്കോളർഷിപ്പ് ലഭിച്ചത്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, അക്കൗണ്ട്.നം | ബിൽ നമ്പർ/ തീയതി / തുക | ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക | അക്കൌണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | തങ്കമണി 245110100041314(AND) | 1)BRN1039250/ 12.01.23/19300/-<br>2)BRN-1039251/ 12.01.23/6500/-<br>3)BRN-1039252/ 13.01.23/2700/- | 28500/- | Return To Government Account |
| 2 | അയാൻ ബിജു 245110100070556(AND) | 1)BRN-1039251/ 12.01.23/ 5850/- | 5850/- | |

ഇക്കാര്യങ്ങളിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-6/09.11.23) മറുപടിയായി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. മേൽ രണ്ട് ഗുണഭോക്താക്കൾക്കും അർഹമായ തുക അവരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഭവനപുനരുദ്ധാരണം - പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 123/23<br>വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | 18,00,000/- (എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഞാറയ്ക്കൽ ഈസ്റ്റ് |
| ചെലവ് | 16,37,787/- |

മേൽ പ്രോജക്ട് മുഖേന 12 എസ്.സി ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി തൻവർഷം ധനസഹായം നൽകിയിട്ടുണ്ട്. ഇവരിൽ 11 പേരും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താവ് അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക, ബിൽ.നം, തീയതി |
|---|---|
| ശോഭസുബ്രമണ്യൻ, കുട്ടുപുരയ്ക്കൽ ഞാറയ്ക്കൽ | 75000/-(അഡ്വാൻസ്)<br>BRN-22110752009301016817/09.01.23 |

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി-7/09.11.23) ഗുണഭോക്താവ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചെന്ന് അറിയിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വാല്വേഷൻ നടത്തുന്നതിനായി എൽ.എസ്.ജി.ഡി എൻജിനീയർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അന്തിമ ഗഡു തുക അനുവദിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ഞാറയ്ക്കൽ ഈസ്റ്റ് |
| പ്രോജക്ട് നം, പേര് | 257/23, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹154900/- (വികസനഫണ്ട്) |
| ചെലവ് | ₹154900/- |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം, സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക | SMS തുക | ലാപ് ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 135700 | 12000 | 7200 | 50000 | 204900 |

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് സർവ്വീസ് ചാർജ് ഇനത്തിൽ 135700 രൂപയും SMS തുക ഇനത്തിൽ 7200 രൂപയും ക്യൂആർ കോഡ്സേവനങ്ങൾക്കായി 12000 രൂപയും ഉൾപ്പെടെ ആകെ ₹154900 നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി-16/11.11.23) ലാപ്ടോപ്പ് ലഭ്യമായിട്ടില്ലായെന്നറിയിച്ചു. ട്രെയിനിംഗ്, സർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും QR കോഡ് സ്ഥാപിക്കൽ തുടർന്ന് വരികയാണെന്ന് വ്യക്തമാക്കി. നിലവിൽ ഹരിതകർമസേനാംഗങ്ങളും കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പും സംയുക്തമായാണ് കോഡ് പതിപ്പിക്കുന്നതെന്നും 2023-24 വർഷം തുടർപ്രവർത്തനങ്ങൾക്കായി പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

മാലിന്യരഹിത പരിസരം എന്ന ലക്ഷ്യത്തിലെത്തുന്നതിനായും മാലിന്യസംസ്കരണ ആസൂത്രണം മികച്ച രീതിയിൽ നടപ്പാക്കുന്നതിനായും ഹരിത കേരള മിഷനും ശുചിത്വ മിഷനും ചേർന്ന് വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷനാണ് ഹരിതമിത്രം ആപ്പ്. പഞ്ചായത്തിൽ ആയതിന്റെ പ്രവർത്തനം ആരംഭിച്ചത് മാർച്ച് 2023 മുതലാണ്. ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കേണ്ട മേൽ പദ്ധതി പ്രവർത്തനങ്ങളുടെ രൂപരേഖ പ്രകാരം ആദ്യത്തെ രണ്ട് മാസത്തിനുള്ളിൽ സർവേ, ക്യൂ ആർ കോഡ് സ്ഥാപിക്കൽ, വിവര ശേഖരണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. അടുത്ത രണ്ട് മാസങ്ങളിൽ ഹരിതസേനാംഗങ്ങളുടെ പ്രവർത്തനങ്ങളാണ് (പാഴ്വസ്തു ശേഖരണവും ശേഖരിച്ചവ MCF, RRF എന്നിവിടങ്ങളിൽ എത്തിക്കലും) നടത്തേണ്ടത്. ആവശ്യമായ തുടർനടപടി സ്വീകരിച്ച് പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ട് പോകൽ, കൃത്യമായ ആശയവിനിമയം നടത്തി വേണ്ട മാറ്റങ്ങളും സഹായങ്ങളും നൽകൽ എന്നിവയാണ് അവസാന രണ്ട് മാസങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ.

വാർഡ് തല മോണിട്ടറിംഗ് കൃത്യമായി നടത്തി പ്രായോഗിക ബുദ്ധിമുട്ടുകളും മറ്റ് അപാകതകളും പരിഹരിക്കേണ്ടതും പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

## 1-24 മത്സ്യതൊഴിലാളികൾക്ക് വള്ളം-രജിസ്ട്രേഷൻ /ലൈസൻസ് രേഖകളില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | മത്സ്യതൊഴിലാളികൾക്ക് വള്ളം (ഡിങ്കി) | മത്സ്യതൊഴിലാളികൾക്ക് വള്ളം (ഡിങ്കി) |
| പ്രോജക്ട് നം | 56/23(SO) | 113/23(N) |
| അടങ്കൽ | ആകെ-4,00,000/-<br>3,00,000/-<br>(വികസന ഫണ്ട്)<br>1,00,000/-<br>(ഗുണഭോക്തൃവിഹിതം) | ആകെ-5,00,000/-<br>3,75,000/-<br>(വികസന ഫണ്ട്)<br>1,25,000/-<br>(ഗുണഭോക്തൃവിഹിതം) |
| ചെലവ് | ആകെ-4,00,000/-<br>3,00,000/- | ആകെ-78,000/-<br>58,500/- |

| | | |
|---|---|---|
| | (വികസന ഫണ്ട്)<br>1,00,000/-<br>(ഗുണഭോക്തൃവിഹിതം) | (വികസന ഫണ്ട്)<br>19,500/-<br>(ഗുണഭോക്തൃവിഹിതം) |

2022-23 വർഷം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ മേൽ രണ്ട് പ്രോജക്ടുകളിലൂടെ ആകെ പന്ത്രണ്ട് മത്സ്യതൊഴിലാളികൾക്ക് വള്ളം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത യാനങ്ങൾക്ക് മത്സ്യവകുപ്പിൽ നിന്നുള്ള രജിസ്ട്രേഷനും ലൈസൻസും ലഭ്യമായിട്ടുള്ളതിന്റെ രേഖകൾ ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| പ്രോജക്റ്റ്നം- 56/23 | |
| 1 | വിക്രമൻ നികത്തിത്തറ |
| 2 | സൈലാസ്.കെ.ഡി, കാനപ്പിള്ളി |
| 3 | റെജിക്കുട്ടൻ, നികത്തിത്തറ |
| 4 | സന്തോഷ്.എൻ.കെ, നികത്തിത്തറ |
| 5 | വിജീഷ്.സി.കെ,ചെട്ടിക്കളത്തിൽ |
| 6 | നിഷാദ്.എം.എം,മാവുങ്കശേരി |
| 7 | കൃഷ്ണൻ.ഒ.വി, ഒളിപ്പറമ്പിൽ |
| 8 | വിനോദ്.കെ.ആർ,കാരോളിൽ |
| 9 | പ്രസൂൽ ജോൺ, പുത്തൻപുരയ്ക്കൽ |
| 10 | ജെനിമോൻ.കെ.ജി,കളത്തിപ്പറമ്പിൽ |
| പ്രോജക്റ്റ് നം- 113/23 | |
| 1 | ബിനീഷ് ടൈവർലാൽ, വാഴത്തറ |
| 2 | ബാബു.കെ.കെ, കുഴുപ്പിള്ളിത്തറ |

രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-17/11.11.23 ) മറുപടി നൽകിയില്ല. ഉൾനാടൻ മത്സ്യ ബന്ധനത്തിന് രജിസ്ട്രേഷൻ/ലൈസൻസ് രേഖകൾ ആവശ്യമാണെന്നതിനാൽ യാനങ്ങൾ കൈപ്പറ്റിയ 12 ഗുണഭോക്താക്കളോടും ആയവ ഹാജരാക്കുവാൻ നിർദ്ദേശിക്കേണ്ടതും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

### 1-25 കർഷക ദിനം - തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

2023 ഓഗസ്റ്റ് 17 ന് കർഷക ദിനം ആചരിക്കുന്നതിന്റെ ഭാഗമായുള്ള വിവിധ ചെലവുകളിലേക്കായി 163539/02.8.22 നമ്പർ ചെക്ക് പ്രകാരം 15000/- രൂപ കൃഷി ഓഫീസർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 22/13.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതു വരെ 15000/-രൂപ തടസപ്പെടുത്തുന്നു.

### 1-26 ആശ്രയ -ചലഞ്ച് ഫണ്ടിന്റെ അഭാവത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമായില്ല

ചലഞ്ച് ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ 22200174/02.622, 22200230/23.6.22 എന്നീ നമ്പരിലുള്ള വൗച്ചറുകൾ പ്രകാരം 1,26,200/- രൂപ വീതം 252400/-രൂപയും 22200360/12.8.22 നമ്പർ വൗച്ചർ പ്രകാരം 83600/-രൂപയും തനത് ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടിലേക്കു നൽകുകയും ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ചലഞ്ച് ഫണ്ട് പിന്നീട് ലഭ്യമാകുമ്പോൾ ടി തുക ചലഞ്ച് ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യാമെന്നുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. 336000/-രൂപ ചലഞ്ച് ഫണ്ടിൽ നിന്നും തിരികെ തനത് ഫണ്ടിലേക്ക് നാളിതു വരെയായും റീക്കൂപ്പ് ചെയ്തിട്ടില്ല.2022-23 ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-18 -Loans, Advances And Deposits ഷെഡ്യൂളിൽ ടി തുക തിരികെ ലഭിക്കാനുള്ളതായി കാണിച്ചിട്ടില്ല. തുക തനത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

124 ഗുണഭോക്താക്കൾക്കാണ് ആശ്രയ മുഖേന ഭക്ഷണ കിറ്റുകൾ നൽകുന്നത്.തനത് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ച 336000/-രൂപ കൂടാതെ പ്രൊജക്റ്റ് മുഖേന വികസന ഫണ്ടിൽ നിന്നും 400000/-രൂപയും ആശ്രയ പദ്ധതിക്കായി 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട്. ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുള്ളതിനാൽ അവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് 20.3.23ലെ 8(1) നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലിസ്റ്റ് ലഭിച്ചില്ല.മേൽ വിഷയം സംബന്ധിച്ച്

നൽകിയ 23/13.11.23നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തനതുഫണ്ടിൽ നിന്നും ആശ്രയ പദ്ധതിയ്ക്കായി ചെലവഴിച്ച തുക ചലഞ്ച് ഫണ്ട് ലഭ്യമാകുമ്പോൾ ആയതിൽ നിന്നും തിരികെ ഈടാക്കേണ്ടതും ആശ്രയ പദ്ധതി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടെ അനർഹരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-27 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല

തനത് ഫണ്ടിൽ നിന്നും 22200251, 22200250/28.6.22 നമ്പർ വൗച്ചറുകൾ പ്രകാരം 1,60,000/-രൂപ വീതം ആകെ 320000/-രൂപ മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. തുക 16 വാർഡുകളിലെയും വാർഡ് തല സാനിട്ടേഷൻ സമിതികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് കൈമാറിയിട്ടുള്ളത്. 20,000/-രൂപ വീതമാണ് ഓരോ വാർഡിലേക്കും ഇപ്രകാരം നൽകിയത്. തുക ചെലവഴിച്ച് ശുചീകരണ പ്രവൃത്തികൾ നടത്തിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാത്തതിനെ തുടർന്ന് ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 21/13.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഓരോ വാർഡിലും ശുചീകരണ പ്രവൃത്തികൾ നടത്തിയതിന്റെ മസ്റ്റർ റോൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ചെലവ് രേഖകൾ ഹാജരാക്കുന്നതു വരെ 320000/-രൂപ തടസപ്പെടുത്തുന്നു.

ശുചിത്വ മിഷൻ വിഹിതം ലഭ്യമല്ലാതിരുന്നതിനാൽ ഈയിനത്തിൽ നൽകേണ്ടിയിരുന്ന 1,60,000/-രൂപ(ഒരു വാർഡിന് 10,000/-രൂപ വീതം 16 വാർഡിന് 1,60,000/- രൂപ) തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ആയി നൽകുകയാണ് ചെയ്തിട്ടുള്ളത്. തുക തിരികെ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

1-28 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ ആന്റ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 6/23 |
| പ്രൊജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ ആന്റ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 800000/-(ധന.ക.ഗ്രാന്റ്) |
| ചെലവ് | 800000/-<br>BRN-529813/28-3-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും ഇലക്ട്രിക്ക് ലൈൻ വലിക്കുന്നതിനുമായി യഥാക്രമം 148230/- രൂപയും 651770/- രൂപയും( കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് പ്രകാരം) ഉൾപ്പെടെ ആകെ 800000/- കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20/ 11-11-23)മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 800000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 സ്പെയ്സ്-പദ്ധതി വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 157/23 |
| പ്രൊജക്ടിന്റെ പേര് | സ്പെയ്സ് പദ്ധതി |
| അടങ്കൽ | 120000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 120000/-<br>280/24-2-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

സമഗ്ര ശിക്ഷ കേരളം എറണാകുളം ജില്ലയിലെ ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികളിലെ കിടപ്പുരോഗികളായ കുട്ടികൾക്ക് വിദ്യാലയ അനുഭവം ഒരുക്കികൊടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് സ്പേയ്സ് പദ്ധതി. വിദ്യാഭ്യാസ അവകാശ നിയമം ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികളുടെ അവകാശങ്ങൾ കൂടി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ളതാണ് എന്ന ബോദ്ധ്യത്തിൽ നിന്നുമാണ് പദ്ധതിയുടെ തുടക്കം.

സമഗ്രശിക്ഷ കേരള എറണാകുളം ജില്ലാ പ്രോജക്ടിന് കീഴിൽ വൈപ്പിൻ ബി.ആർ. സി യിൽ ഞാറക്കൽ ഗവ.വൊക്കേഷണൽ എച്ച്.എസ്.എസി ലാണ് പ്രോജക്ട് നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1)ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം, ഇതര ചെലവുകൾ ഏർപ്പെടുത്തുക.

2)വിദ്യാലയത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുകൂലമായ രീതിയിൽ നടപ്പാത, വീൽചെയർപാത എന്നിവയുള്ള ക്രമീകരണങ്ങൾ നടത്തുക.

3)സ്പെയ്സ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികാസം നടപ്പിലാക്കുക. (ട്രെയിനിംഗ്, ക്ലാസ്സ് മുറി ക്ലീനിംഗ്)

4)ഐ.സി.യു. ബെഡ് സംവിധാനം, ഫിസിയോ, സ്പീച്ച്, മ്യൂസിക്, ഒക്യുപേഷണൽ, ഹോർട്ടികൾച്ചറൽ തെറാപ്പികൾക്ക് വേണ്ട ഉപകരണങ്ങൾ, വിദഗ്ധ സമിതി നിർദ്ദേശിക്കുന്ന വിവിധ ഉൽപന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുക,

ഫയൽ പരിശോധിച്ചതിൽ നിന്നും ടി തുക എസ്.എസ്.കെ. യ്ക്ക് നൽകിയിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. തുക നല്കിയതിന്റെ വിവരം അല്ലാതെ മറ്റ് വിവരങ്ങൾ ഒന്നും ഫയലിൽ ഇല്ല. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാം സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ടോ, പഞ്ചായത്തിലെ കിടപ്പുരോഗികളായ ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ, ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾക്ക് വിശദീകരണം നല്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.(19/11-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ എസ്.എസ്.കെ. യ്ക്ക് നൽകിയ 120000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഐ.കെ.എം.വിഹിതം നൽകിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 71/23 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം.വിഹിതം നല്കൽ |
| അടങ്കൽ | 84552/-(വികസന ഫണ്ട്.-ജനറൽ) |
| ചെലവ് | 1) 78222/-, BRN-426900/17-8-22<br>2)6330/-, BRN-241648/24-2-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ.കെ.എം. ന് ഗ്രാമപഞ്ചായത്ത് വിഹിതമായി 84552/- രൂപ മേൽ പ്രകാരം നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ചതിന്റെ രേഖകൾ ഐ.കെ.എം.ൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/9-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ഐ.കെ.എം ന് നൽകിയ 84552/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഇ.ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് യഥാസമയം അടാവാക്കുന്നില്ല – പലിശ നഷ്ടം

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി ഞാറക്കൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിൽ (നം. 37760986195) 03.10.2023 ൽ ₹180537/-നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറി നൽകിയിട്ടില്ല. പ്രസ്തുത തുക തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകാത്തതിനാൽ ലഭിക്കുമായിരുന്ന പലിശ നഷ്ടമാകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറാതെ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/8-11-23) ലഭ്യമാക്കിയ മറുപടിയിൽ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിങ്ങ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 കാരുണ്യസ്പർശം - വൃക്കരോഗികൾക്ക് ഡയാലിസിസ് ചികിത്സാ സഹായം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 155/23 |
| പ്രൊജക്റ്റിന്റെ പേര് | കാരുണ്യസ്പർശം-വൃക്കരോഗികൾക്ക്ഡയാലിസിസ് ചികിത്സാ സഹായം |
| അടങ്കൽ | 56750/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 19500/-<br>391/28-3-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്റ്റിനായി 19500/-രൂപ മേൽ ബിൽ പ്രകാരം ചെലവായിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്റ്റ് ജില്ലാ പഞ്ചായത്തും, ഗ്രാമ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്നതാണ്. നിർധനരായ വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ നൽകുന്നതിനായി എറണാകുളം ജില്ലാ പഞ്ചായത്തിലേക്ക് 19500/-രൂപ നൽകിയിട്ടുണ്ട്. പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ഡയാലിസിസ് നടത്തിയിട്ടുണ്ട് എന്ന് വ്യക്തമല്ല.

2)ആവശ്യക്കാരെ നിർണ്ണയിച്ചതിന്റെയും ഓരോരുത്തർക്കും എത്ര തവണ ഡയാലിസിസ് വേണമെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയതിന്റെയും രേഖകൾ ഇല്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/11-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 19500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 എസ്.എസ്.കെ.വിഹിതം നൽകിയത് - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 70/23 |
| പ്രൊജക്റ്റിന്റെ പേര് | എസ്.എസ്.കെ വിഹിതം നല്കൽ |
| അടങ്കൽ | 635138/-(വികസന ഫണ്ട്.-ജനറൽ) |
| ചെലവ് | 1) 35138/-, BRN-1090923/25-1-23<br>2)600000/-, BRN-0426905/17-8-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

എസ്.എസ്.കെ വിഹിതമായി ഗ്രാമപഞ്ചായത്ത് 635138/- രൂപ മേൽ പ്രകാരം നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ എസ്.എസ്.കെ യിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/09.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2022-23 ലെ മൊത്തം പ്രവർത്തന കലണ്ടറും2022-23 -ൽ തുക വിനിയോഗിച്ചു എന്ന കൈപ്പറ്റമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി ഫയലിൽ കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018 /ത.സ്വ.ഭ.വ. നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതായി കാണുന്നില്ല.. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. 2022-2023ലെ വിശദമായ വിനിയോഗ വിവരങ്ങൾ എസ്.എസ്.കെ യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

1-34 ഇലക്ട്രിക്ക് ഓട്ടോ വാങ്ങൽ -അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 68/23 |
| പ്രൊജക്റ്റിന്റെ പേര് | ഇലക്ട്രിക്ക് ഓട്ടോ |

| | |
|---|---|
| അടങ്കൽ | 380000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>50000/-(തനത് ഫണ്ട്)<br>120000(മറ്റുള്ളവ) |
| ചെലവ് | 478045/-<br>1)313632/-(സംസ്ഥാനാവിഷ്കൃതഫണ്ട്), 278/24-2-23<br>2)120000/,-288/25-2-23<br>3)30000/-,435/31-3-23<br>4)14413/-, 312/0-3-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഹരിതകർമ്മ സേനയ്ക്ക് മാലിന്യ ശേഖരണത്തിനായി ഇലക്ട്രിക്ക് ഓട്ടോ വാങ്ങുന്നതിനായി മേൽ ബില്ലുകൾ പ്രകാരം 478045/- രൂപ ചെലവഴിച്ചിട്ടുണ്ട്. GeM മുഖേന കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇ- ഓട്ടോ വാങ്ങുകയും വിലയായി സ്ഥാപനത്തിന്റെ 7.2.2023 ലെ ഇൻവോയ്സ് പ്രകാരം 478045/-രൂപ മേൽ പ്രകാരം നൽകുകയും ചെയ്തു.

ഫയൽ പരിശോധിച്ചതിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് താഴെ സൂചിപ്പിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 448045/-രൂപയാണ് വാഹനത്തിന് On Road Price കണക്കാക്കിയിട്ടുള്ളത് .എന്നാൽ 478045/-രൂപ നൽകിയിട്ടുണ്ട്.30000/- അധികമായി നല്കിയിട്ടുണ്ട്.

എന്നാൽ Tax Invoice പ്രകാരം അധികം നല്കിയ തുകയായ 30000/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/10-11-23)മറുപടി ലഭ്യമാക്കിയിട്ടില്ല. 30000/- രൂപ വണ്ടിയുടെ അഡീഷണൽ ഫിറ്റിങ്ങുകൾ ചെയ്യുന്നതിനായി ചെലവഴിച്ചു എന്നാണ് അറിയിച്ചത്. ഇതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 30000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 റോഡ് കണക്ടിവിറ്റി മാപ്പ് - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം / വർഷം | 40/23 |
| അടങ്കൽ തുക / ഫണ്ട് | 48000/-(തനത് ഫണ്ട്) |
| ചെലവ് തുക | 18500/- |

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രൊജക്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ₹3000/- ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എൻജിനിയർ 2022-23 വർഷം 18500/-രൂപ ചെലവഴിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി ഏതൊക്കെ വാർഡിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന വിശദാംശവും പൂർത്തികരിച്ചതിന്റെ വിശദാംശവും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഈ പ്രോജക്ട് പൂർത്തികരിച്ചിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/8-11-23) ലഭ്യമാക്കിയ മറുപടിയിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ശേഖരിച്ച ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-36 ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവ് വഹിക്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 130/23 |
| പ്രോജക്ടിന്റെ പേര് | ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവ് വഹിക്കൽ |
| അടങ്കൽ | ₹ 400000/-(മെ.ഫണ്ട്.റോഡിതരം) |
| ചെലവ് | ₹332174 |
| ബിൽ നം.തീയതി | 1) 197174/-, 66/14-9-22<br>2)135000/-, 122/2-12-22 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കണ്ടിജൻസി ചെലവുകൾ വഹിക്കുന്നതിന് ഘടക സ്ഥാപനങ്ങളിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കായി മേൽ പദ്ധതി പ്രകാരം താഴെ സൂചിപ്പിച്ചിരിക്കുന്ന വിധം തുക നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | ഗവ.ഫിഷറീസ് യു.പി.സ്കൂൾ | 77174 |
| 2 | വെറ്ററിനറി ഡസ്പെൻസറി | 45000 |
| 3 | കൃഷി ഭവൻ | 40000 |
| 4 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 25000 |
| 5 | ഗവ.ഹോമിയോ ഡിസ്പെൻസറി | 30000 |
| 6 | ഐ.സി.ഡി.എസ്.ഞാറക്കൽ | 115000 |
| | ആകെ | 332174/- |

എന്നാൽ ചെലവിന്റെ വിശദാംശങ്ങളോ വിനിയോഗ വിവരമോ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി(24/13-11-23) നല്കിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 332174/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ഡെപ്പോസിറ്റ് വർക്കുകൾ-യഥാസമയം പൂർത്തികരിക്കുന്നില്ല.

ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B-18 Schedule പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവു ചെയ്ത് വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്.

1)വാട്ടർ അതോറിറ്റി-1693000/-രൂപ

2) KSEB യിലേയ്ക്ക് 3045021/-രൂപ

ഈ തുകകൾ ചെലവഴിച്ചതിന്റെ വർഷം തിരിച്ചുള്ള പ്രോജക്റ്റ് നം, പേര്, തുക എന്നിവ പരിശോധിച്ചതിൽ ഡെപ്പോസിറ്റ് വർക്കുകൾ യഥാസമയം പൂർത്തികരിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിന്റെ വിവരം |
|---|---|
| 2022-23 | വാർഷിക ഓഡിറ്റിനോടൊപ്പം പരിശോധിച്ചു |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2022-23 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 4943745 | 94/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,55,580 | 0 |
| | | | 118/23 പൊക്കാളി പാടത്ത് നെൽക്കോഴി ശല്യം ഒഴിവാക്കൽ | 50,000 | 0 |
| | | | 80/23, പൊക്കാളി നെൽക്കൃഷി വികസനം | 37,500 | |
| | | | 214/23 ശശിധരൻ റോഡ് റീടാറിംഗ് | 3,97,827 | 0 |
| | | | 9/23 എൽ.പി.ജി റോഡ് കാന മെയിന്റനൻസ് | 5,37,242 | |
| | | | 218/23, എസ്.എൻ റോഡ് മെയിന്റനൻസ് | 9,34,082 | 0 |
| | | | 7/23, ഗ്യാസ് ക്രിമിറ്റോറിയം | 25,91,514 | 0 |
| | | | 195/23 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,40,000 | 0 |
| | ആകെ | 4943745 | | 4943745 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 19,80,530 | 120/23 ലൈഫ് ഭവന പദ്ധതി -എസ്.സി.പി | 9,06,000 | 0 |
| | | | 3/23,അങ്കണവാടി അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| | | | 94/23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,30,000 | 0 |
| | | | 18/23,സീഷോർ റോഡ് മെയിന്റനൻസ് | 5,46,440 | |
| | | | 125/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 48,090 | 0 |
| | | | 118/23, പൊക്കാളി നെൽകൃഷി വികസനം | 50,000 | 0 |
| | ആകെ | 19,80,530 | ആകെ | 19,80,530 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | | | യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ (6/23) | | 8,00,000 | 0 | 8,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | | 2108385 | 1579248* | | 529137 |

*ജി.ഒ പ്രോജക്ട് ചെലവ് (ലൈഫ് ഭവനം)
1)259/23-5,37,453/-(ജനറൽ)
2)261/23-5,37,454/-(ജനറൽ)
3)264/23-2,52,170/-(എസ്.സി)
4)262/23-2,52,171/-(എസ്.സി)

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,42,29,740 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,94,92,012 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19,71,226 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-19 | 250000 | ഡോ.ബിജു മോഹൻ,<br>മെഡിക്കൽ ഓഫീസർ ഹോമിയോ, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-25 | 15000 | ശ്രീമതി ഗായത്രി എം.വി<br>സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-27 | 320000 | ശ്രീമതി ഗായത്രി എം.വി<br>സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-28 | 800000 | ശ്രീമതി ജയന്തി കെ<br>സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-29 | 120000 | ശ്രീമതി ജയന്തി കെ<br>സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-30 | 84552 | ശ്രീമതി ജയന്തി കെ<br>സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-32 | 19500 | ശ്രീമതി ജയന്തി കെ<br>സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-34 | 30000 | ശ്രീമതി ജയന്തി കെ<br>സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| 1-36 | 197174 | ശ്രീമതി ഗായത്രി എം.വി<br>സെക്രട്ടറി,<br>ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| | 135000 | ശ്രീമതി ജയന്തി കെ<br>സെക്രട്ടറി,<br>ഞാറക്കൽ ഗ്രാമപഞ്ചായത്ത് |
| ആകെ | 1971226/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിജുമോഹൻ<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ഡോ ബിജുമോഹൻ<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ, ഞാറയ്ക്കൽ | പ്രസാദം,<br>പൂത്തോൾ,<br>തൃശ്ശൂർ-680004 |
| ശ്രീമതി ജയന്തി<br>സെക്രട്ടറി | സെക്രട്ടറി<br>മുളവ്കാട് ഗ്രാമപഞ്ചായത്ത്- | 18/486A,വെണ്ണുക്കാട്ട്<br>വാട്ടർലാൻഡ് റോഡ്<br>കൊച്ചി-6 |
| ശ്രീമതി ഗായത്രി<br>സെക്രട്ടറി | സെക്രട്ടറി<br>നായരമ്പലം ഗ്രാമപഞ്ചായത്ത് | 1/64A,KCRWA Club Road,<br>ഗിരിനഗർ,<br>കടവന്ത്ര-682020 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2000-01<br>(ചെലവ്) | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |

| | |
|---|---|
| 2001-02 (ചെലവ്) | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/7.4.12/1.8.12 |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി3)1923/2016 തീയതി 04.12.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി-3)1759/2017 തീയതി 26-10-17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി-3)20/2019തീയതി 15-07-19 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി-3)1695/2019തീയതി 5-11-19 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി-3)1936/2021/തീയതി 16-06-22 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി-3)1937/2021/ തീയതി 16-06-22 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം(പി-3)103/2023 തീയതി 11-04-23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 21-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Njarakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Njarakkal Grama Panchayat for the year 2022-2023

Date: 14/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Njarakkal Grama Panchayat for the Year 2022-2023.**

**1.Major Observations**

1.Non inclusion of notes and accounts in Financial Statements and non disclosure of material facts.

2.Lack of free and independent access to accounting and all other software which have direct or indirect impact on financial statements.

3.Non completion of transaction period process, during migration to accrual based double entry system from cash based single entry system including valuation of asset and liabilities for inclusion in opening balance sheet.

4.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

5.Discrepancies in carrying forward closing balance of the previous year to the opening balance of current year, regarding assets such as cash and bank balance.

**2.Other Observations**

1.Cash flow Statement net increase/decrease in cashflow does not match with difference between Opening Balance and closing balance of Cash and Cash equivalents.
2.No supporting documents are produced for audit regarding head no.340200199
3.Lapse in making timely and accurate demand entry in respect of tax and Non tax revenue.
4.Unspent Grant amounts does not match with the Bank account opened for investing the same.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്